പത്രക്കുറിപ്പ്
17-01-2018

**പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളും
സാമൂഹ്യ സംഘടനാ സംവിധാനവും സംയോജിപ്പിക്കുന്നതിന്
രാജ്യത്തിന് മാതൃകയായി
കുടുംബശ്രീ എൻആർഒ-യുടെ ടൂൾ കിറ്റ്**

തിരുവനന്തപുരം: കുടുംബശ്രീ പ്രവർത്തന മാതൃക കേരളത്തിന് പുറത്തേക്ക് വ്യാപിപ്പിക്കുന്നതിനായി പ്രവർത്തിക്കുന്ന കുടുംബശ്രീ എൻആർഒയുടെ (നാഷണൽ റിസോഴ്സ് ഓർഗനൈസേഷൻ) ടൂൾകിറ്റും പരിശീലന മാനുവലും പ്രകാശനം ചെയ്തു. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളും സാമൂഹ്യ സംഘടനാ സംവിധാനവും സംയോജിപ്പിച്ചുള്ള വികസന പ്രവർത്തനങ്ങളും സൂക്ഷ്മ സംരംഭ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കലുമാണ് എൻആർഒയുടെ പ്രധാന ദൗത്യങ്ങൾ. ഇതിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളും സാമൂഹ്യ സംഘടനാ സംവിധാനവും സംയോജിപ്പിച്ചുള്ള പ്രവർത്ത നങ്ങൾക്ക് വേണ്ടിയുള്ള ടൂൾകിറ്റും പരിശീലന മാനുവലുമാണ് പുറത്തിറക്കിയത്. ഹൈദരാബാദിലെ ദേശീയ ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ടിൽ (എൻഐആർഡി) നടന്ന ചടങ്ങിൽ ഗ്രാമ വികസന വകുപ്പ് സെക്രട്ടറി അമർജീത് സിൻഹ പ്രകാശനം നിർവ്വഹിച്ചു. എൻഐആർഡി ഡയറക്ടർ ജനറൽ ഡോ. ഡബ്ല്യു.ആർ. റെഡ്ഡി, മുൻ ഫിനാൻസ് സെക്രട്ടറി സുമിത് ബോസ്, ഗ്രാമ വികസന വകുപ്പ് മുൻ സെക്രട്ടറി ജെ.കെ. മഹാപത്ര, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ ഐഎഎസ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

തുടക്കം മുതൽ കേരളത്തിലെ പഞ്ചായത്തീരാജ് സംവിധാനങ്ങളുമായി ചേർന്ന് കേരള സമൂഹ ത്തിൽ നിരവധി വികസന പ്രവർത്തനങ്ങൾ കുടുംബശ്രീ നടത്തിയിരുന്നു. ഈ പ്രവർത്തനങ്ങൾ ആധാരമാക്കി 2012ലാണ് ഗ്രാമവികസന മന്ത്രാലയം കേരളത്തിലെ ദാരിദ്ര്യനിർമ്മാർജ്ജന ദൗത്യമായ കുടുംബശ്രീയ്ക്ക് എൻആർഒ പദവി നൽകുന്നത്. ഇതേത്തുടർന്ന് ഈ പ്രവർത്തന രീതി ഒരു പദ്ധതി മാതൃകയിലാക്കുകയും കേരളത്തിന് പുറത്ത് കുടുംബശ്രീ എൻആർഒ പ്രവർത്തനങ്ങൾ നടപ്പാക്കി തുടങ്ങുകയുമായിരുന്നു. ഇപ്പോൾ കുടുംബശ്രീ എൻആർഒ എട്ട് സംസ്ഥാനങ്ങളിൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു.

ഇത്തരത്തിലുള്ള സംയോജന പ്രവർത്തനങ്ങൾ ഇന്ത്യയിലെ സംസ്ഥാനങ്ങളിലെല്ലാം വ്യാപിപ്പിക്കുക യെന്ന ലക്ഷ്യമാണ് കുടുംബശ്രീ എൻആർഒയ്ക്കുള്ളത്. കുടുംബശ്രീ എൻആർഒയുടെ സഹായമില്ലാ തെ തന്നെ ഈ സംയോജന പ്രവർത്തനങ്ങൾ നടപ്പാക്കാൻ താത്പര്യമുള്ള ഏത് സംസ്ഥാനത്തിനും (ദാരിദ്ര്യ നിർമ്മാർജ്ജന ദൗത്യങ്ങൾക്ക്) അതിന് കഴിയുന്ന വിധത്തിലാണ് ടൂൾകിറ്റും പരിശീലന മാനുവലും തയാറാക്കിയിരിക്കുന്നത്. കുടുംബശ്രീ എൻആർഒയുടെ ഇത്രയും കാലത്തെ പ്രവർത്തന പരിചയം അടിസ്ഥാനമാക്കി തയാറാക്കിയിരിക്കുന്ന ടൂൾകിറ്റിൽ എങ്ങനെയാണ് ഈ സംയോജന പ്രവർത്തനങ്ങൾ പ്രാവർത്തികമാക്കേണ്ടതെന്നതിന്റെ നിബന്ധനകൾ പ്രത്യേകമായി നൽകിയിരി ക്കുന്നു. ഇത് കൂടാതെ ഓരോ പ്രദേശത്തിനും അനുയോജ്യമായ രീതിയിൽ മാറ്റങ്ങൾ വരുത്താൻ കഴിയുകയും ചെയ്യുമെന്നത് സംസ്ഥാനങ്ങൾക്ക് ഏറെ ഗുണകരമാണ്. സംയോജന പ്രവർത്തന ങ്ങളെക്കുറിച്ച് വിശദമാക്കുന്ന അഞ്ച് ഗ്രന്ഥങ്ങൾ ടൂൾ കിറ്റിലുണ്ട്.

സംയോജന പ്രവർത്തനങ്ങൾക്ക് വേണ്ടി തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ( കമ്മ്യൂണിറ്റി പ്രൊഫഷണ ൽസ് ഫോർ കൺവേർജൻസ് -സിപിസി) പരിശീലനം നൽകുന്നതിനാണ് പരിശീലന മാനുവൽ തയാ റാക്കിയിരിക്കുന്നത്. ഈ പ്രൊഫഷണൽസിന്റെ ഒരു സംഘം രൂപീകൃതമാകുന്നതോടെ അവരുടെ സഹായത്താൽ ഓരോ സംസ്ഥാനങ്ങൾക്കും സംയോജന പ്രവർത്തനങ്ങൾ സംസ്ഥാനത്തിന്റെ മറ്റ് മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിനും കഴിയും.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ